ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - നോൺ ടെക്‌നിക്കൽ അറ്റൻഡർ/ക്ലാസ്സ് IV വിഭാഗത്തിലെ യോഗ്യരായ ജീവനക്കാരുടെ ട്രേഡ്‌സ്‌മാൻ തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം - സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം.DTETVM/5445/2025-EB3 (EB)** **തിരുവനന്തപുരം, തീയതി : 09-07-2025**

---

വായന :-
1. **31.05.2025** തീയതിയിലെ **HEDN-L2/169/2023-HEDN** നം. സർക്കാർ കത്ത്.
2. **30.06.2025** തീയതിയിലെ **EB5/5470/2025/DTE** നം. ഉത്തരവ്.
3. **30.06.2025** തീയതിയിലെ **DTETVM/5445/2025-EB3(EB)** നം. ഉത്തരവ്.

**ഉത്തരവ്**

വായന (1)-ലെ സർക്കാർ നിർദ്ദേശ പ്രകാരം ഈ വകുപ്പിലെ യോഗ്യരായിട്ടുള്ള ലാസ്റ്റ്ഗ്രേഡ് ജീവനകാർക്കുള്ള ട്രേഡ്‌സ്‌മാൻ തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം, ബഹുമാനപ്പെട്ട സുപ്രീം കോടതിയ്ക്ക് മുൻപാകെയുള്ള **SLP(C) Diary No.51307/2023** നം. കേസിലെ അന്തിമ ഉത്തരവിന് വിധേയമായി നടത്തുവാൻ സർക്കാർ അനുമതി നൽകുകയും ഇതിന്മേൽ വായന (2), വായന (3) പ്രകാരം **31.05.2024** തീയതിക്കുള്ളിൽ യോഗ്യത നേടിയ നോൺ ടെക്‌നിക്കൽ അറ്റൻഡർ/ക്ലാസ്സ് IV വിഭാഗത്തിലെ ജീവനക്കാർക്ക് ബൈട്രാൻസ്ഫർ നിയമനം നൽകി ഉത്തരവാകുകയും ചെയ്തിരുന്നു. വായന (1)-ലെ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് വായന (2), വായന (3) പ്രകാരം പുറപ്പെടുവിച്ച നിയമന ഉത്തരവുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയ്ക്ക് മുൻപാകെയുള്ള **SLP(C) Diary No.51307/2023** നം. കേസിലെ അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സർക്കാർ നിർദ്ദേശപ്രകാരമുള്ള നിബന്ധന, വായന (2), വായന (3) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച എല്ലാ ജീവനക്കാരുടെയും സേവനപുസ്തകങ്ങളിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതും അതിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ് .

**JAYAPRAKASH P**

**DIRECTOR(INCHARGE)**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Jayaprakash P
Date: 09-07-2025 21:02:17